# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 06/05/ 2020

## ലോക്-ഡൗൺ ലംഘനം. കർശന നിയന്ത്രണങ്ങളുമായി കൊല്ലം സിറ്റി പോലീസ്.130 വാഹനങ്ങൾ പിടിച്ചെടുത്തു.

കൊല്ലം : ലോക്-ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയെങ്കിലും കർശന സുരക്ഷയൊരുക്കി സിറ്റി പോലീസ്. സർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങളും നിർദേശങ്ങളും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് പോലീസ് കൈക്കൊള്ളുന്നത്. പ്രധാന ജംഗ്ഷനുകളിൽ പിക്കറ്റുകൾ ഏർപ്പെടുത്തി വാഹന പരിശോധന ശക്തമായി തുടരുന്നു. നിർദേശം ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 48 പേർക്ക് നോട്ടീസ് നൽകി. പൊതു സ്ഥലങ്ങളിൽ സാമൂഹ്യ അകലം പാലിക്കേണ്ടതാണെന്നും ക്രമവിരുദ്ധ മായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെയും കർശനമായ നിയമ നടപടികൾ സ്വീകരിക്കു മെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങൾ പുറത്തിറക്കിയതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയ തിനും കൊല്ലം സിറ്റി പരിധിയിൽ 168 കേസുകൾ രജിസ്റ്റർ ചെയ്ത് 181 പേരെ അറസ്റ്റ് ചെയ്യുകയും 130 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

കൊല്ലം ഹൈസ്ക്കൂൾ ജംഗ്ഷനിൽ കെ.എസ്.ഇ.ബി ഓഫീസിന് മുന്നിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 5 യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കൊല്ലം വെസ്റ്റ് പോലീസും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ ഓഫീസിന് മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചതിന് 5 ആർ.വൈ.എഫ് പ്രവർത്തകരേയും കളക്ടർ ബംഗ്ളാവിന് മുന്നിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 7 കോൺഗ്രസ്സ് പ്രവർത്തകരേയും കൊല്ലം ഈസ്റ്റ് പോലീസും അറസ്റ്റ് ചെയതു.

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊവിഡ്-19 മൂലം ബുദ്ധിമുട്ടിലായ പരവൂരിലെ അറുപതോളം ചെറുകിട വ്യാപാരികൾക്ക് ഹാരിസ് സൂപ്പർമാർക്കറ്റിന്റെ സഹായത്തോടെ ജനമൈത്രി പോലീസ് പലവ്യഞ്ജനക്കിറ്റുകൾ വിതരണം ചെയ്തു. ദുബായിൽ ജോലി ചെയ്യുന്ന പരവൂർ സ്വദേശിക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ വീട്ടുകാർ സ്റ്റേഷനിൽ ഏൽപ്പിച്ചത് കൊറിയർ സർവീസുമായി ബന്ധപ്പെട്ട് പരവൂർ പോലീസ് വിദേശത്ത് എത്തിച്ചു.